# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 607

10-03-2015-ൽ മറുപടിക്ക്

### കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി.വിൻസെന്റ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ടപ്പ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (എ) കെ.എസ്.ഐ.ഡി.സി. സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടില്ല. എന്നാൽ കെ.എസ്.ഐ.ഡി.സിയുടെ പുതിയ ബിസിനസ് ഇൻക്യുബേഷൻ സെന്റർ വിവിധ സ്ഥലങ്ങളിൽ തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സിയുടെ ആദ്യത്തെ ബിസിനസ് ഇൻക്യുബേറ്റർ കൊച്ചി കിൻഫ്രാ പാർക്കിൽ 2014 നവംബർ മാസം 13-ാം തീയതി പ്രവർത്തനം ആരംഭിച്ചു. 60-ഓളം വർക്ക് സ്റ്റേഷനുകൾ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ഇതു കൂടാതെ, കെ.എസ്.ഐ.ഡി.സി ഇൻകെൽ കോംപ്ലക്സ് അങ്കമാലി, ഐ.ജി.സി കോഴിക്കോട്, ലൈഫ് സയൻസ് ഇൻക്യുബേറ്റർ തിരുവനന്തപുരം എന്നീ പുതിയ ഇൻക്യുബേറ്ററുകൾ തുടങ്ങാൻ നടപടി എടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ബി) | പുതിയ സംരംഭകർക്ക് വിവിധ മേഖലകളിൽ ഉള്ള അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള അവസരമാണ് കെ.എസ്.ഐ.ഡി.സി നൽകുന്നത്. ഇതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്ഥലവും സഹായവും ലഭ്യമാക്കുന്നതാണ്, കെ.എസ്.ഐ.ഡി.സി.യുടെ കാക്കനാട് തുടങ്ങിയ ഇൻക്യുബേഷൻ സെന്ററിൽ വർക്ക് സ്റ്റേഷൻ, കോൺഫറൻസ് റൂം, ഇന്റർനെറ്റ്, മുതലായ സൗകര്യങ്ങളും മെന്ററിംഗ് സപ്പോർട്ടും നൽകി വരുന്നു. |
| (സി | കെ.എസ്.ഐ.ഡി.സി. എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നത് ; വിശദാംശങ്ങൾ നൽകാമോ ; | (സി) & (ഡി) | പുതുസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിൽ മിതമായ നിരക്കിൽ ഓഫീസ് സ്ഥലവും പ്രവർത്തന സൗകര്യങ്ങളും നൽകുന്നതാണ്. ഇതു കൂടാതെ, ഇൻക്യുബേഷൻ സെന്ററിൽ പുതുസംരംഭകർക്കുവേണ്ടി മെൻഡറിംഗ് സപ്പോർട്ട് കെ.എസ്.ഐ.ഡി.സി ലഭ്യമാക്കുന്നതാണ്. ഇതോടൊപ്പം തന്നെ ഒരു സീഡ് ക്യാപിറ്റൽ ഫണ്ടിംഗിനായി ഒരു പ്രത്യേക പദ്ധതിയും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 - ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ